നം. B2-11843/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 11.10.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

# പരിപത്രം

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സർക്കുലർ നം. 73/2018/ധന തീയതി. 07.08.2018
2) സർക്കുലർ നം. 84/2018/ധന തീയതി. 15.09.2018

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൂചനകൾ പ്രകാരം വിശദമായ സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശ പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന കാര്യാലയങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ അതാത് ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ സൂചന (1)-ലെ സർക്കുലറിൽ പരാമർശിക്കും പ്രകാരം മെഡിസെപ്പിന്റെ നിശ്ചിത പ്രൊഫോർമയിൽ എക്സൽ ഫോർമാറ്റിൽ വിവര ശേഖരണം നടത്തേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ചുവടെ പരാമർശിക്കുന്ന ഔദ്യോഗിക മെയിലിൽ 25.10.2018 തീയതിക്കകം ലഭ്യമാക്കേണ്ടതുമാണെന്ന് അറിയിക്കുന്നു.

Email - swdkerala@gmail.com

സമയ ക്ലിപ്തത കർശനമായി പാലിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി
11/10/18

എല്ലാ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
എല്ലാ സ്ഥാപന മേധാവികൾക്കും.

AN